കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# യെശയ്യാവ് ഭാവി ദർശിക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Jonathan Hay

അംഗികരിച്ചത് : Mary-Anne S.

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യെശയ്യാവ് ഒരു പ്രവാചകനായിരുന്നു. ദൈവം അരുളിച്ചെയ്തത് ജനങ്ങളെ അറിയിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി.



ജനങ്ങൾ എല്ലായ്പ്പോഴും ദൈവവചനം കേൾക്കുവാൻ താത്പര്യപ്പെട്ടിരുന്നില്ല. എന്നാൽ യെശയ്യാവ് ദൈവത്തെ ഒരിക്കലും ഉപേക്ഷിക്കുവാൻ തയ്യാറായില്ല.



വ്യത്യസ്തരായ നാലു രാജാക്കന്മാരുടെ കാലത്താണ് യെശയ്യാവ് പ്രസംഗിച്ചിരുന്നത്.



ഉസ്സിയാരാജാവ് യെരൂശലേം പട്ടണത്തിൽനിന്ന് യെഹൂദ്യനാട് വാണു. ആരംഭത്തിൽ ദൈവം ഉസ്സീയാവിനെ അനുഗ്രഹിച്ചു. കാരണം ദൈവസന്നിധിയിൽ നിർമ്മലമായത് താൻ ചെയ്തിരുന്നു.



എന്നാൽ ഉസ്സീയാവ് അഹങ്കാരമുള്ളവനായി ദൈവത്തെ അനുസരിക്കുന്നത് മതിയാക്കി. അവനൊരു കുഷ്ഠരോഗിയായിത്തീർന്നു. മരണംവരെ ഏകനായി കഴിയേണ്ടിവന്നു.



ഉസ്സീയാരാജാവ് അറുപതിലധികം വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ മരണശേഷം, തന്റെ മകനായ യോഥാം ഭരണാധികാരിയാവുകയും പതിനേഴു വർഷം ഭരിക്കുകയും ചെയ്തു.



ദൈവം യോഥാമിനെ അനുഗ്രഹിച്ചു.
കാരണം യെശയ്യാവിലൂടെയും മറ്റു
പ്രവാചകന്മാരിലൂടെയും ദൈവത്തിന്
തന്നോടു പറയാനുണ്ടായിരുന്ന
വചനം താൻ ശ്രദ്ധയോടെ
കേട്ടിരുന്നു.



യോഥാംരാജാവിന്റെ മകനായിരുന്നു ആഹാസ്. ആഹാസ് വാഴ്ച തുടങ്ങിയപ്പോൾ അവന് ഇരുപത് വയസായിരുന്നു. അവൻ യെരൂശലേമിൽ പതിനാറു വർഷം വാണു. ആഹാസ് ദൈവത്തിങ്കലേക്ക് നോക്കിയിരുന്നില്ല.



അവൻ മൂർത്തിപൂജ നടത്തുകയും അന്യ ദൈവങ്ങളെ വണങ്ങുകയും ചെയ്തു. മാത്രമല്ല, അതു ചെയ്യുവാൻ ദൈവജനത്തെ നയിക്കുകയും ചെയ്തു.



യെശയ്യാവ് മുന്നറിയിപ്പ് നൽകിയെങ്കിലും ആഹാസ് ദൈവത്തിന്റെ മുന്നറിയിപ്പുകൾ ശ്രദ്ധിച്ചില്ല. മുപ്പത്തിയഞ്ചു വയസ്സുമാത്രമുള്ളപ്പോൾ അവൻ മരിച്ചു.





അടുത്ത രാജാവ്
യെഹിസ്കീയാവിനെ
ദൈവം അനുഗ്രഹിച്ചു.
കാരണം അദ്ദേഹം
സകല മൂർത്തികളെയും
അന്യദൈവങ്ങളെയും
നീക്കം ചെയ്യുകയും
സത്യദൈവത്തോട്
പ്രാർത്ഥിക്കുകയും
ചെയ്തു.

ഒരു ശത്രു സൈന്യം യെഹൂദയെ ആക്രമിക്കാൻ വന്നപ്പോൾ അവരോട് പൊരുതി ജയിക്കുവാൻ തന്റെ സൈന്യം ശക്തമല്ലെന്നു യെഹിസ്കീയാവിനു മനസ്സിലായി. ദൈവം തങ്ങളെ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുവാൻ അദ്ദേഹം യെശയ്യാവിനോട് പറഞ്ഞു.





യെശയ്യാവ് രാജാവിന് ഇപ്രകാരം ഒരു ദൂത് അയച്ചു: “ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ ശത്രുക്കളെക്കുറിച്ച് നിങ്ങൾ

ഭയപ്പെടരുത്... ഞാൻ അവരെ നശിപ്പിക്കും...” അധികം താമസിക്കാതെ, ...

... ആ സൈന്യം യെഹിസ്കീയാവിനോട് യുദ്ധം ചെയ്യാൻ നില്ക്കാതെ തിരികെ പോകുവാൻ ദൈവം പ്രവർത്തിച്ചു.



തനിക്കു
ചുറ്റും



പാർക്കുന്ന ജനങ്ങൾ
ദൈവത്തെക്കുറിച്ച്
ചിന്തിക്കപോലും
ചെയ്തിരുന്നില്ലെങ്കിലും
യെശയ്യാവ്
വളരെ

ദൈവവിചാരം
ഉള്ളവനായിരുന്നു.



ഒരുദിവസം
യെശയ്യാവിനൊരു
ദർശനം ഉണ്ടായി.
അത് നാം
ഉറങ്ങാതിരിക്കുമ്പോൾ
കാണുന്ന ഒരു
സ്വപ്നംപോലെ
ആയിരുന്നു.



ആ ദർശനത്തിൽ
യഹോവയായ
ദൈവം എത്ര
മഹത്വമുള്ളവനും
പരിശുദ്ധനും
ആകുന്നു
എന്നാണ്
യെശയ്യാവ്
കണ്ടത്.

ആ ദർശനത്തിൽ ദൈവം
ചോദിച്ചു: “ഞാൻ
ആരെ അയക്കേണ്ടു?”
യെശയ്യാവ് മറുപടി
പറഞ്ഞു: “അടിയൻ
ഇതാ, എന്നെ
അയക്കേണമേ.”



ദൈവം അരുളിച്ചെയ്യുന്നതൊക്കെയും ചെയ്യുവാനും ദൈവം അയക്കുന്നിടത്തൊക്കെയും പോകുവാനും യെശയ്യാവ് ഒരുക്കമുള്ളവനായിരുന്നു.



അങ്ങ് ദൂരെ, ഒരിക്കലും ദൈവത്തെ കേട്ടിട്ടില്ലാത്ത ജനങ്ങളുടെ അടുത്തേക്ക് ദൈവം തന്നെ അയക്കുമെന്ന് യെശയ്യാവ് ചിന്തിച്ചുകാണും.



എന്നാൽ അങ്ങനല്ലായിരുന്നു, ദൈവം അതല്ല ചെയ്തത്. തന്റെ സ്വന്ത ദേശത്തുള്ള സ്വജനങ്ങളോട് സംസാരിക്കുവാനാണ് ദൈവം യെശയ്യാവിനോടു പറഞ്ഞത്.



തങ്ങളുടെ പാപം നിമിത്തം ദൈവം അവരോട് കോപിച്ചിരിക്കുന്നുവെന്ന് യെശയ്യാവ് അവരോടു പറയണമായിരുന്നു.



യെശയ്യാവിന് ജനങ്ങളോടു പറയുവാൻ വേറെയും കാര്യങ്ങൾ ഉണ്ടായിരുന്നു. അവരെ തങ്ങളുടെ പാപങ്ങളിൽനിന്ന് ...



... രക്ഷിക്കുകയും ശത്രുക്കളിൽനിന്ന് വിടുവിക്കുകയും ചെയ്യുന്ന ഒരു ശക്തനായ വിമോചകൻ വരുന്നതിനെക്കുറിച്ചായിരുന്നു അത്.



യെഹൂദജനത ആ വ്യക്തിയെ “മശിഹ” എന്നാണു വിളിച്ചത്. ദൈവം മശിഹയെ അയക്കും എന്ന് അവർ പ്രതീക്ഷിച്ചെങ്കിലും



അവൻ ഒരിക്കലും ...

... വരികയില്ലെന്ന വിചാരത്തോടെയാണ് ധാരാളമാളുകൾ ജീവിച്ചത്.





മശിഹായെക്കുറിച്ച്
യെശയ്യാവ്
പറഞ്ഞതു
മുഴുവനും
തന്റെ
പുസ്തകത്തിൽ
എഴുതിയിട്ടുണ്ട്.
അത്
സംഭവിക്കുന്നതിന്
...

... നൂറു വർഷങ്ങൾ മുമ്പാണ് അദ്ദേഹം അത്

എഴുതിയതെങ്കിലും



മശിഹായെക്കുറിച്ച്

താൻ

പറഞ്ഞതു

മുഴുവനും

യാഥാർത്ഥ്യമാകും.

ദൈവം സ്വയം
ഒരു അടയാളം
നല്കുമെന്ന്



യെശയ്യാവ് പറഞ്ഞു.
“കന്യക ഗർഭിണിയായി
ഒരു മകനെ
പ്രസവിക്കും.
അവന് ദൈവം നമ്മോടുകൂടെ
എന്നർത്ഥമുള്ള
ഇമ്മാനുവേൽ എന്നു
പേർവിളിക്കും” ...



... എന്നാണ്
യെശയ്യാവ്



പ്രവചിച്ചത്. യെശയ്യാവ്
സംസാരിക്കുന്നത്
ദൈവത്തിന്റെ
മശിഹായെക്കുറിച്ചാണെന്ന്



ജനങ്ങൾക്കു
മനസിലായി.

കാരണം ഒരു സ്ത്രീക്ക് കന്യകയായിരിക്കുകയും

അതേസമയം ഗർഭിണിയായിരിക്കുകയും ചെയ്വാൻ കഴികയില്ല,

ഇമ്മാനുവേൽ എന്നതിന്റെ

അർഥം ദൈവം നമ്മോടുകൂടെ എന്നാണ്.





നമുക്ക് ഒരു ശിശു
ജനിച്ചിരിക്കുന്നു,
നമുക്ക് ഒരു മകൻ
നൽകപ്പെട്ടിരിക്കുന്നു;
ആധിപത്യം അവന്റെ
തോളിൽ ഇരിക്കും. അവൻ
അത്ഭുതമന്ത്രി, വീരനാം
ദൈവം, നിത്യപിതാവ്,
സമാധാനപ്രഭു എന്നു
പേർ വിളിക്കപ്പെടും.



ദൈവത്തിന്റെ വാഗ്ദത്തം യാഥാർഥ്യമാകുമെന്ന് യെശയ്യാവിന് ഉറപ്പുണ്ടായിരുന്നു, ഇപ്പോൾ തന്നെ സംഭവിച്ചുകഴിഞ്ഞു എന്ന പ്രതീതിയോടെയാണ് താൻ സംസാരിക്കുന്നതും. ഇതിനെ പ്രവചനം എന്നാണു പറയുന്നത്.

മശിഹ മഹാനും മഹാ കാര്യങ്ങൾ ചെയ്യുന്നവനുമാണെന്ന് യെശയ്യാവ് പ്രവചിച്ചു. മശിഹ കഷ്ടം അനുഭവിക്കുകയും മരണത്തിന് ഏല്പിച്ചുകൊടുക്കയും ചെയ്യുമെന്നും ജനങ്ങളോട് പ്രവചിക്കാൻ ദൈവം യെശയ്യാവിനോട് അരുളിച്ചെയ്തു.



മശിഹ മഹാനും
ശക്തനും ആയിരിക്കെ ബലഹീനനും
മുറിവേറ്റവനുമായിരിക്കുന്നതെങ്ങനെയെന്ന്
യെശയ്യാവ്
ആശ്ചര്യപ്പെട്ടുകാണും.



എന്നാൽ യെശയ്യാവ് ദൈവത്തോട് വാദിച്ചില്ല–പകരം ദൈവം പറയാൻ ആവശ്യപ്പെട്ടതൊക്കെയും താൻ ആവർത്തിച്ചു.

ദൈവം ചെയ്ത വാഗ്ദത്തം യാഥാർഥ്യമാക്കുവാൻ ദൈവം പ്രവർത്തിക്കും.



മശിഹ വരുന്നത് യഹൂദജനങ്ങൾക്കുവേണ്ടി മാത്രമല്ല. മശിഹ “ജാതികൾക്ക് ഒരു വെളിച്ചമായിത്തീരും” എന്ന് ദൈവം യെശയ്യാവിനോട് അരുളിച്ചെയ്തു. ലോകത്തിൽ യഹൂദന്മാരല്ലാത്ത സകലരും ജാതികളാണ്.



ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. അവന്റെ മശിഹ വന്ന് എല്ലാവരേയും അനുഗ്രഹിക്കുകയും ഭൂമിയുടെ അറ്റത്തോളം രക്ഷ എത്തിക്കുകയും ചെയ്യും.



യെശയ്യാവ് ഭാവി ദർശിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യെശയ്യാവ് 1, 6, 7, 9, 53

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16